# പേരൂർ ശ്രീമൂല ഭഗവതിക്ഷേത്രം

റാന്നി ലെയിൻ, പേരൂർക്കട
തിരുവനന്തപുരം – 695 005
ഫോൺ : 0471 – 2539781, 9446614284

ശ്രീ മഹാകാളി, ശ്രീ മഹാലക്ഷ്മി, ശ്രീ മഹാസരസ്വതി ഐക്യമത്യ സ്വരൂപിണിയായി സാന്നിദ്ധ്യം കൊള്ളുന്ന പേരൂർ ശ്രീമൂല ഭഗവതി ക്ഷേത്രത്തിലെ പ്രധാന വിശേഷാൽ പൂജകളും അതിന്റെ ഫലശ്രുതിയും.

### 1. വിശേഷാൽ വിനായക പൂജ – വിഘ്നേശ്വര

ചിങ്ങമാസത്തെ വിനായക ചതുർത്ഥി നാളിൽ വിശേഷാൽ വിഘ്നേശ്വര പൂജയും 108 നാളീകേരം കൊണ്ടുള്ള വിശേഷാൽ ഹോമവും നടന്നു വരുന്നു. ശ്രീ മഹാ ഗണപതി ഭഗവാന്റെ ജന്മദിനം എന്ന സങ്കല്പം കൂടിയുള്ള ഈ ദിനത്തിൽ നടക്കുന്ന പൂജയിൽ പങ്കെടുക്കുന്നവർക്ക് സർവ്വ വിഘ്ന നിവാരണവും, കാര്യസാധ്യവുമാണ്.

ഫലശ്രുതി

സർവ്വ വിഘ്ന നിവാരണം, കാര്യസാദ്ധ്യം.

ലഭിയ്ക്കുന്ന പ്രസാദം

അർച്ചനാ പ്രസാദം – ഹോമ ദ്രവ്യ ശിഷ്ട പ്രസാദം

### 2. നിറയും പുത്തരി നിവേദ്യവും

എല്ലാ കർക്കിടക മാസവും ശുഭദിനത്തിൽ ശുഭമുഹൂർത്തത്തിൽ, പുത്തൻ നെൽകതിരുകളും മറ്റു ചില പ്രത്യേക ഔഷധ സസ്യങ്ങളും കൂടെ ചേർത്ത് ക്ഷേത്ര മണ്ഡപത്തിൽ വച്ച് വിശേഷാൽ പൂജ ചെയ്ത ശേഷം പ്രധാന ദേവനും മറ്റ് ഉപദേവൻമാർക്കും പുത്തൻ നെല്ല് കുത്തിയെടുത്ത അരി കൊണ്ടുണ്ടാക്കിയ പായസം നിവേദിച്ച് ദേവനെ പ്രീതിപ്പെടുത്തി. ശേഷം വിഷ്ണുവിനോടൊപ്പം മഹാലക്ഷ്മി ദേവിയേയും ആവാഹിച്ച് പൂജിച്ച നെൽകതിരുകൾ കൊണ്ട് ദേവനെ അലങ്കരിച്ച് വിശേഷാൽ കർപ്പൂരാധി നടത്തുന്നു. ഈ പൂജ കണ്ട് തൊഴുന്നതും പങ്കെടുക്കുന്നവർക്ക് പ്രസാദമായി ലഭിയ്ക്കുന്ന പൂജിച്ച നെൽകതിർ സ്വഭവനങ്ങളിൽ അടുത്ത വർഷത്തെ നിറപുത്തരി ചടങ്ങുവരെ സൂക്ഷിച്ച് വയ്ക്കുന്നത് സർവ്വ ഐശ്വര്യപ്രദമാണ്.

ഫലശ്രുതി

ഐശ്വര്യ ദായകം – ഐശ്വര്യ ദേവതയായ ലക്ഷ്മീ ദേവീ പുത്തൻ നെൽകതിരിൽ വസിക്കുന്നുവെന്നാണ് വിശ്വാസം.

ലഭിക്കുന്ന പ്രസാദം

അർച്ചനാ പ്രസാദത്തോടൊപ്പം ലഭിക്കുന്ന നെൽകതിർ, പുത്തരി നിവേദ്യം നടത്തുന്നവർക്ക് പുത്തരി നിവേദ്യം എന്നിവ ലഭിക്കുന്നു.

### 3. കുടുംബ ഐശ്വര്യപൂജ

എല്ലാ മാസവും പൗർണ്ണമി നാളിൽ ദേവീനടയിൽ ത്രികാലപൂജയിൽ (ഉഷഃ പൂജ, ഉച്ചപൂജ, അത്താഴപൂജ). ഭാഗ്യസൂക്തം, ശ്രീസൂക്തം, ആയുർസൂക്തം എന്നീ വേദജപത്തോടുകൂടി കുടുംബനാഥന്റെയും തത് കുടുംബാംഗങ്ങളിൽ എല്ലാപേരുടെയും പേരിൽ നടത്തപ്പെടുന്ന പൂജ.

ഫലശ്രുതി

കുടുംബാംഗങ്ങളുടെ ഭാഗ്യാഭിവൃദ്ധി, ഐശ്വര്യലബ്ധി, ദീർഘായുസ് - ഐക്യമത്യം എന്നിവ ഫലം.

ലഭിക്കുന്ന പ്രസാദം

അർച്ചന പ്രസാദം മൺകലത്തിൽ നിവേദ്യം കഴിച്ച് കിട്ടുന്ന പൊങ്കാല.

### 4. കുടുംബ അർച്ചന

എല്ലാ പൗർണ്ണമി നാളിലും കുടുംബനാഥന്റെയും മറ്റു എല്ലാ കുടുംബാംഗങ്ങളുടെയും പേരിൽ ദേവീ നടയിൽ നടത്തുന്ന അഷ്ടോത്തരശതനാമാർച്ചന.

ഫലശ്രുതി

ആയുരാരോഗ്യവർദ്ധനവ്.

ലഭിയ്ക്കുന്ന പ്രസാദം

അർച്ചനാ പ്രസാദം

## 5. സ്വയംവര പാർവ്വതീ പൂജ

മംഗല്യ തടസ്സമുള്ളവർക്ക് വേണ്ടി ദേവീ സന്നിധിയിൽ നടത്തുന്ന സ്വയംവര പൂജയും തടസ നിവാരണത്തിന് വേണ്ടി ശ്രീ വിഘ്നേശ്വരന് നടത്തുന്ന വിശേഷാൽ പുഷ്പാഞ്ജലിയും നെയ്യ് ദീപം തെളിയിക്കലും ഈ പൂജ എല്ലാ പൗർണ്ണമി നാളിലും നടത്തിവരുന്നു.

**ഫലശ്രുതി**

മംഗല്യസിദ്ധി

**ലഭിക്കുന്ന പ്രസാദം**

അർച്ചനാ പ്രസാദം

## 6. വിദ്യാരഞ്ജനീ പൂജ

എല്ലാ മാസവും വെള്ളിയാഴ്ച ദേവീ സന്നിധിയിൽ ത്രികാല സന്ധ്യയിൽ വിശേഷാൽ പുഷ്പാഞ്ജലിയോടുകൂടി നടത്തുന്ന ഈ വിശേഷാൽ പൂജ വിദ്യാപുരോഗതിയെ പ്രധാനം ചെയ്യുന്നു.

**ഫലശ്രുതി**

ജ്ഞാന ലബ്ധി, വിദ്യാപുരോഗതി

**ലഭിയ്ക്കുന്ന പ്രസാദം**

അർച്ചനാ പ്രസാദം - ജപം കഴിഞ്ഞ് ലഭിക്കുന്ന സാരസ്വാകൃതം നെയ്യ്.

## 7. പിറന്നാൾ ഹോമം

ആണ്ടു പിറന്നാൾ ദിവസം പുറന്നാളുകാരന്റെ ജന്മനക്ഷത്രത്തിലും പേരിലും നടത്തുന്ന വിശേഷാൽ വിഘ്നേശ്വര ഹോമം, ആയൂർസൂക്തം പുരുഷസൂക്തം എന്നിവയോടൊപ്പം നടത്തുന്ന മൃത്യുഞ്ജയ ഹോമം, ദേവീ സന്നിധിയിലെ വിശേഷാൽ പിറന്നാൾ പൂജ, മഹാദേവ സന്നിധിയിലെ വിശേഷാൽ മൃത്യുഞ്ജയ പൂജ എന്നിവ ഉൾകൊള്ളിച്ചിരിക്കുന്നു.

**ഫലശ്രുതി**

ദീർഘായുസിനെയും ഒരു വർഷകാലത്തെ ഗ്രഹശാന്തിയെ (നവഗ്രഹ ദോഷ) പ്രദാനം ചെയ്യുന്നു.

**ലഭിക്കുന്ന പ്രസാദം**

അർച്ചന പ്രസാദം - ഹോമസംപാതം - പാൽ പായസം

NB : ആണ്ടു പിറന്നാൾ കഴിഞ്ഞാൽ വരുന്ന 11 മാസക്കാലത്തെ പക്കപിറന്നാൾ ദിവസം ജന്മനക്ഷത്രാർച്ചന നടത്താവുന്നതാണ്.

## 8. ജന്മ നക്ഷത്രാർച്ചന, ജന്മനക്ഷത്ര പൂജ

വിഘ്നേശ്വര സന്നിധിയിലെ സംവാദ സൂക്ത ജപം, പൂജ ദേവീ സന്നിധിയിലെ ദേവീ മഹാത്മ്യാർച്ചന - പൂജ മഹാദേവ സന്നിധിയിലെ ജലധാര, മഹാമൃത്യുഞ്ജയ അർച്ചന, പൂജ മഹാവിഷ്ണുവിന് നടത്തുന്ന വിശേഷാൽ പുഷ്പാഞ്ജലി പൂജ എന്നിവ ഉൾകൊള്ളിച്ചിരിക്കുന്നു.

**ഫലശ്രുതി**

ആയുരാരോഗ്യ സൗഖ്യം ഗ്രഹപിഴ കൊണ്ടുള്ള തടസനിവാരണം

**ലഭിക്കുന്ന പ്രസാദം**

അർച്ചന പ്രസാദം, വെള്ളനിവേദ്യം

## 9. വിളക്ക് പൂജ (കാര്യസിദ്ധി പൂജ)

എല്ലാ പൗർണ്ണമി നാളിലും സ്ത്രീ ഭക്തജനങ്ങൾ അവരുടെ കാര്യസിദ്ധിയ്ക്കു വേണ്ടി ക്ഷേത്രമുഖമണ്ഡപത്തിൽ നിലവിളക്ക് വച്ചൊരുക്കി അതിൽ ഭദ്രദീപത്തിൽ ദേവിയെ ആവാഹിച്ച് നടത്തുന്ന മഹാലക്ഷ്മി പൂജ.

**ഫലശ്രുതി**

കാര്യസാദ്ധ്യം, ഐശ്വര്യലബ്ധി

**ലഭിക്കുന്ന പ്രസാദം**

അർച്ചന പ്രസാദം, വിളക്ക് പൂജയിലെ പായസ നിവേദ്യം.

10. പ്രദോഷ പൂജ വ്രതം

ശ്രീ പാർവ്വതി സമേതനായ ശ്രീ മഹാദേവന്റെ അനുഗ്രഹത്തിനായി കൃഷ്ണപക്ഷ ത്രയോദശിയിൽ ശ്രീമഹാ ദേവ സന്നിധിയിൽ വ്രതാനുഷ്ഠാനങ്ങളോടുകൂടി നടത്തപ്പെടുന്ന വിശേഷാൽ പൂജ - വ്രതം അനുഷ്ഠിക്കുന്നവർ അന്നു രാവിലെ കുളിച്ച് ക്ഷേത്ര ദർശനം നടത്തി ഒരു നേരത്തെ (ഉച്ചയ്ക്ക്) ആഹാരം മാത്രം കഴിച്ച് ത്രിസന്ധ്യയ്ക്ക് നടക്കുന്ന പ്രദോഷ പൂജ യിൽ പങ്കെടുക്കുക. പ്രദോഷ പൂജ വേളയിൽ ശ്രീ പാർവ്വതീ സമേതനായി നൃത്തം വയ്ക്കുന്ന ശ്രീ മഹാദേവനെ കണ്ടു വണ ങ്ങാൻ എല്ലാ ദേവഗണങ്ങളും സന്നിഹിതരാകുമെന്നാണ് വിശ്വാസം.

ഫലശ്രുതി

ഉദ്ധിഷ്ഠകാര്യ സാദ്ധ്യം, കുടുംബ പുരോഗതി, പ്രത്യേകിച്ചും ദാമ്പത്തിക അഭിവൃദ്ധി.

ലഭിക്കുന്ന പ്രസാദം

അർച്ചന പ്രസാദം, വെള്ള നിവേദ്യം

NB : ഭക്തജനങ്ങൾക്ക് വിശേഷാൽ തട്ടം നിവേദ്യം നടത്താവുന്നതാണ്.

പരിപൂർണ്ണമായ സമർപ്പണത്തോടും നിഷ്കളങ്കമായ ഭക്തിയോടും കൃത്യമായ ആചാര അനുഷ്ഠാനത്തോടും കൂടി നടത്തുന്ന വഴിപാടുകൾ മാത്രമേ പൂർണ്ണ ഫലസിദ്ധിയെ പ്രദാനം ചെയ്യുകയുള്ളൂ എന്നാണ് ശാസ്ത്രമതം.

## പ്രധാന ആണ്ടുവിശേഷങ്ങൾ

| | | |
|---|---|---|
| **ചിങ്ങമാസം** | :- | വിനായക ചതുർത്ഥി ആഘോഷം, തിരുവോണകോടി ചാർത്ത്, വിശേഷാൽ പൂജ |
| **കന്നിമാസം** | :- | നാഗർക്ക് വിശേഷാൽ പൂജ |
| **തുലാം മാസം** | :- | പേരൂർ ശ്രീമൂലഭഗവതിയുടെ തിരുവുത്സവ ആഘോഷം (നവരാത്രി, പ്രഥമ മുതൽ ദശമി വരെ) സർപ്പ ബലി |
| **വൃശ്ചികമാസം** | :- | മണ്ഡല ചിറപ്പ് ആഘോഷം, എല്ലാ ദേവന്മാർക്കും വിശേഷാൽ പൂജ |
| **ധനുമാസം** | :- | തിരുവാതിര നാളിൽ ശ്രീ പാർവ്വതി ദർശനം, ഉമാ മഹേശ്വര പൂജ, മംഗല്യപൂജ, ശ്രീ മഹാദേവൻ ശ്രീ പാർവ്വതി ദേവി ശ്രീ ബാല സുബ്രഹ്മണ്യൻ, ശ്രീ ബാല ഗണപതി എന്നിവരോടൊപ്പം ദർശനം നൽകുന്നു. |
| **കുംഭമാസം** | :- | ശ്രീ ഭദ്രാദേവി സന്നിധിയിലെ തിരുവുത്സവ ആഘോഷം (പൂരം നക്ഷത്രം മുതൽ മൂലം നക്ഷത്രം വരെ, മൂലം നാളിൽ **ശ്രീയെഴും പേരൂർ പൊങ്കാല**) |
| **മേടമാസം** | :- | വിഷുക്കണി ദർശനം, വിഷുകൈനീട്ടം, വിശേഷാൽ പൂജ |
| **കർക്കിടകമാസം** | :- | രാമായണ മാസാചരണം, ഗുരുപൂജ, വിശേഷാൽ സുകൃതഹോമം |